# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 16

# വാർത്താക്കുറിപ്പ്

## പുതിയ വിദ്യാർഥികൾക്ക് എം.ജി. കാമ്പസിനെ പരിചയപ്പെടുത്തി ഇൻഡക്ഷൻ പ്രോഗ്രാം

### – എം.ജി.യെ രാജ്യത്തെ മികച്ച സർവകലാശാലയാക്കും: പ്രൊഫ. സാബു തോമസ്

മഹാത്മാ ഗാന്ധി സർവകലാശാലയെ ഇന്ത്യയിലെ മികച്ച പത്തു സർവകലാശാലകളിലൊന്നായി മാറ്റുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാല കാമ്പസിലെ പഠനവകുപ്പുകളിൽ ഈ അധ്യയന വർഷം പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം അസംബ്ലി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ്, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ കോ-ഓർഡിനേറ്റർമാരായ ഡോ. എസ്. അനസ്, ഡോ. വി.ആർ. ബിന്ദു എന്നിവർ പ്രസംഗിച്ചു.

പ്രൊഫ. എം. ഭാസി, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഡോ. സന്തോഷ് പി. തമ്പി, ഡോ. എം.കെ. ബിജു, പ്രൊഫ. എം.ജെ. മാത്യു, അന്ന ജോർജ്, എൻ.കെ. നയന, പ്രൊഫ. ജോണി ജോൺസൺ, ഡോ. ബിന്ദ ജോർജ് വർഗീസ്, ഡോ. വി.ആർ. ബിന്ദു, ഡോ. പി.റ്റി. ബാബുരാജ്, ഡോ. വി.പി. സൈലസ്, ഡോ. ഇ.കെ. രാധാകൃഷ്ണൻ, പ്രൊഫ. ആർ.എസ്. സന്ധ്യ, കെ.എം. ജോർജ്, ഡോ. സജിമോൻ എബ്രഹാം, ഡോ. മഹേഷ് മോഹൻ എന്നിവർ വിവിധ വകുപ്പുകളുടെ പ്രവർത്തനം പരിചയപ്പെടുത്തി. സർവകലാശാലയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിനായാണ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിപാടി സംഘടിപ്പിച്ചത്.

## ഫോട്ടോ ക്യാപ്ഷൻ

**സർവകലാശാല കാമ്പസിലെ പഠനവകുപ്പുകളിൽ ഈ അധ്യയന വർഷം പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1352/2019)

## എം.ജിയിൽ സൗജന്യ കേൾവി പരിശോധന ക്യാമ്പിന് തുടക്കം

### – സാമൂഹിക നന്മ പഠന-ഗവേഷണങ്ങളുടെ മുഖമുദ്രയാകണം: പ്രൊഫ. സി.ടി. അരവിന്ദകുമാർ

സാമൂഹിക നന്മ സർവകലാശാല പഠന-ഗവേഷണങ്ങളുടെ മുഖമുദ്രയാകണമെന്ന് മഹാത്മാഗാന്ധി സർവകലാശാല പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസെബിലിറ്റിയുടെയും

ആഭിമുഖ്യത്തിൽ മുംബൈ സ്പീച്ച് ആൻഡ് ഹിയറിങ് ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് നടത്തുന്ന സൗജന്യ കേൾവി പരിശോധന ക്യാമ്പും കേൾവിസഹായ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, സ്പീച്ച് ആൻഡ് ഹിയറിങ് ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ഔട്ട് റീച്ച് വകുപ്പ് മേധാവി ഡോ. ആർ.പി. ശർമ, ഡോ. മാത്യു മാർട്ടിൻ, ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവി പ്രൊഫ. രാജീവ് കുമാർ എന്നിവർ പ്രസംഗിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന ക്യാമ്പ് 19ന് അവസാനിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസെബിലിറ്റിയുടെയും ആഭിമുഖ്യത്തിൽ മുംബൈ സ്പീച്ച് ആൻഡ് ഹിയറിങ് ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് നടത്തുന്ന സൗജന്യ കേൾവി പരിശോധന ക്യാമ്പും കേൾവിസഹായ ഉപകരണങ്ങളുടെ വിതരണോദ്ഘാടനവും പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു**

(പി.ആർ.ഒ./39/1353/2019)

## പരീക്ഷ മാറ്റി

ജൂലൈ 19 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം വർഷ ബി.ഫാം. (2016 അഡ്മിഷൻ റഗുലർ/2011-2015 അഡ്മിഷൻ സപ്ലിമെന്ററി/2003-2010 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1354/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്‌സി. ഫിസിക്സ് മോഡൽ I, II, III മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 22 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. 2019 മെയ് മാസത്തിൽ നടത്തിയ സപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന വിദ്യാർഥികൾക്ക് തങ്ങളുടെ കോളേജുകളിൽ നടക്കുന്ന പ്രാക്ടിക്കൽ പരീക്ഷയിൽ പങ്കെടുക്കാം. പത്തനംതിട്ട കുമ്പഴ എസ്.എൻ.ഡി.പി. യോഗം കോളേജിലെ വിദ്യാർഥികൾ മണർകാട് സെന്റ് മേരീസ് കോളേജിലാണ് പരീക്ഷയ്ക്ക് എത്തേണ്ടത്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1355/2019)

രണ്ടാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ആനിമേഷൻ ആന്റ് വിഷ്വൽ എഫക്ട്സ്, ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 18 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1356/2019)

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ എം.സി.എ. റഗുലർ/സപ്ലിമെന്ററി ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 22 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1357/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2013-2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1358/2019)

2019 ഏപ്രിലിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1359/2019)

## സിവിൽ സർവീസ് പരിശീലനം; എസ്.ടി. സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് പരിശീലനപരിപാടിക്ക് പട്ടികവർഗ സംവരണ വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. ഒഴിവിലേക്ക് ജൂലൈ 19ന് സ്പോട് അഡ്മിഷൻ നടത്തും. താത്പര്യമുള്ള 18 വയസുകഴിഞ്ഞ വിദ്യാർത്ഥികൾ ജാതി, യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി വൈകിട്ട് 4.30നകം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ എത്തണം. പതിനായിരം രൂപയാണ് ഫീസ്. വിശദവിവരങ്ങൾക്ക് ഫോൺ: 9496114094, 8848712543.

(പി.ആർ.ഒ./39/1360/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ